**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നാല്പത്തിമൂന്നാമത് അയ്യൻകാളി ജലോത്സവം വെള്ളായണി - സംഘാടനത്തിന് കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ധനസഹായം - യഥേഷ്ടാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.3262/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 01/12/2016

പരാമർശം:- 1. കല്ലിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22/08/2016 ലെ കത്ത്.

2. സ.ഉ. (എം.എസ്)58/2006/തസ്വഭവ തീയതി 16.02.2006.

**ഉത്തരവ്**

തിരുവനന്തപുരം വെള്ളായണി കായലിൽ നടക്കുന്ന നാല്പത്തിമൂന്നാമത് മഹാത്മ അയ്യൻകാളി ജലോത്സവത്തിന്റെ സംഘാടനത്തിനായി കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും സാമ്പത്തിക സഹായം നൽകണമെന്നതാണ് പരാമർശകത്തിലെ ആവശ്യം.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 43-ാമത് മഹാത്മ അയ്യൻകാളി ജലോത്സവത്തിന്റെ സംഘാടനത്തിനായി തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ നിന്നും 50,000/- (അൻപതിനായിരം) രൂപ അവരുടെ കമ്മിറ്റി/കൗൺസിൽ തീരുമാനത്തിനും പരാമർശം രണ്ടിലെ ഉത്തരവിനും വിധേയമായി ജലോത്സ സംഘാടകസമിതിക്ക് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ജലോത്സവ സമിതി കൺവീനർ കല്ലിയൂർ ഗ്രാമപഞ്ചായത്തിന് ആഡിറ്റ് ചെയ്ത വരവു ചെലവു കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

എസ്. ഡി. സുനിൽകുമാർ

ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ( ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് ഉത്തരവിന്റെ പകർപ്പ് നൽകുന്നതിന്)

ജനറൽ സെക്രട്ടറി, 43-ാമത് മഹാത്മ അയ്യൻകാളി ജലോത്സവ സംഘാടന സമിതി

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

***ഉത്തരവിൻ പ്രകാരം,***

Liya

***സെക്ഷൻ ഓഫീസർ.***